പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 245 **29-10-2026-ൽ മറുപടിയ്ക്ക്**

വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷിതത്വവും ശുചിത്വവും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. റഹ്മത്തുള്ള ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. കല്ലട മാഹിൻ (വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

(എ) വിനോദസഞ്ചാര കേന്ദ്രങ്ങൾ കൂടുതൽ സുരക്ഷിതവും ശുചിത്വമുള്ളതുമാക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് പുതിയ പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും പദ്ധതി എന്നു മുതൽ നടപ്പിലാക്കാനാണ് ആലോചിക്കുന്നതെന്നും വ്യക്തമാക്കുമോ;

മറുപടി: വിനോദസഞ്ചാര കേന്ദ്രങ്ങൾ കൂടുതൽ സുരക്ഷിതവും ശുചിത്വമുള്ളതും ആക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് നിലവിലുള്ളതും നൂതനവുമായ പദ്ധതികൾ കാലോചിതമായി പരിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സന്ദർശകർക്ക് ആവശ്യമായ സുരക്ഷിതത്വം, വാഹന പാർക്കിംഗ് സൗകര്യം, ശുചിത്വം, താമസം എന്നിവയ്ക്ക് ഊന്നൽ നൽകിയിട്ടുള്ള പദ്ധതികളാണ് ടൂറിസം വകുപ്പ് ആവിഷ്കരിച്ചുവരുന്നത് . വിനോദ സഞ്ചാരികൾക്ക് സഹൃദയ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് " ഗ്രീൻ മാർഷൽ " പോലുള്ള നൂതന പദ്ധതികളും നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ടി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു .

- വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യം നിക്ഷേപിക്കുന്നതും പ്ലാസ്റ്റിക് ഉപയോഗവും പരിസ്ഥിതി നാശവും കുറയ്ക്കുക
- സന്ദർശകർക്കിടയിൽ ഉത്തരവാദിത്ത ടൂറിസം പ്രോത്സാഹിപ്പിക്കുക
- വിനോദസഞ്ചാരികൾക്ക് ആവശ്യമായ വിവരങ്ങൾ, മാർഗനിർദേശങ്ങൾ, ഓറിയന്റേഷൻ, അടിസ്ഥാന സുരക്ഷാ സഹായം എന്നിവ ലഭ്യമാക്കുക
- ദൃശ്യവും സന്ദർശകസൗഹൃദവുമായ പിന്തുണാ സംവിധാനം ഉറപ്പാക്കുക
- നിലവിലുള്ള ശുചീകരണ ജീവനക്കാർക്ക് നൈപുണ്യ വികസനത്തിലൂടെ തൊഴിൽപരമായ പുരോഗതിയും പരിശീലനത്തിലൂടെ മെച്ചപ്പെട്ട സന്ദർശകാനുഭവം പ്രദാനം ചെയ്യുക എന്നിവയാണ് .

വിനോദസഞ്ചാരികളുടെ സുരക്ഷിതത്വത്തിനായി ടൂറിസം പോലീസിന്റെയും ലൈഫ് ഗാർഡുകളുടെയും സേവനമടക്കം എല്ലാ ജില്ലകളിലും ലഭ്യമാക്കിയിട്ടുണ്ട് . വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ആധുനിക സാങ്കേതിക

മികവുള്ള ടോയ്‌ലറ്റുകൾ (smart toilets) സ്ഥാപിക്കുന്നതിനാവശ്യമായ നടപടികളും നടപ്പിലാക്കി വരുന്നു.

(ബി) പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രത്യേക പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

മറുപടി: ഉണ്ട്. ആയതിനുള്ള രൂപരേഖ തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ